പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1354

31/10/2019-ൽ മറുപടിയ്ക്ക്

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ടെണ്ടർ നടപടി

| ചോദ്യം<br>ശ്രീ പുരുഷൻ കടലുണ്ടി | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും 3 കോടി രൂപ അനുവദിച്ച കോക്കല്ലൂർ ജി.എച്ച് എസ്സ്.എസ്സ് , അത്തോളി ജി.വി.എച്ച് എസ്സ്.എസ്സ് പൂനൂർ ജി.എച്ച് എസ്സ്.എസ്സ്, ബാലുശ്ശേരി ജി.ജി.എച്ച് എസ്സ്.എസ്സ് എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ടോ;<br><br>(ബി) ഈ സ്കൂളുകളുടെ ടെണ്ടർ നടപടി ആരംഭിച്ച തീയതിയും ടെണ്ടർ ഏറ്റെടുത്ത ഏജൻസി ഏതാണെന്നും അറിയിക്കാമോ; | (എ) & (ബി) | ഇല്ല. 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക് ഓർഡർ നൽകാത്ത സ്കൂളുകളിലെ 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വിയായി വാപ്കോസിനെ (WAPCOS) ചുമതല പ്പെടുത്തണം എന്നാവശ്യപ്പെട്ട് 'കൈറ്റ്' സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത സ്കൂൾ ലിസ്റ്റിൽ കോക്കല്ലൂർ ജി.എച്ച് എസ്സ്.എസ്സ് , അത്തോളി ജി.വി.എച്ച്.എസ്സ്.എസ്സ് , ബാലുശ്ശേരി ജി.ജി.എച്ച് എസ്സ്.എസ്സ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. 02/03/2019- ൽ ഈ സ്കൂളുകളുടെ ടെണ്ടർ വിളിച്ചിരുന്നു. |
| (സി) സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | ഉണ്ട്. അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

Namitha .P

**സെക്ഷൻ ഓഫീസർ**